**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1179** **10-10-2024 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴയിലെ വാഴപ്പിള്ളിയിൽ നിന്നും ആരംഭിച്ച്, നെല്ലാട്, പട്ടിമറ്റം, കിഴക്കമ്പലം, പള്ളിക്കര വഴി കാക്കനാട്ടേയ്ക്ക് എത്തുന്ന മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്താൽ കെ. ആർ. എഫ്. ബി. - പി എം യു മുഖേന നവീകരണം വിഭാവനം ചെയ്ത മൂവാറ്റുപുഴ - കാക്കനാട് റോഡ് പ്രവൃത്തിക്ക് 40 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മൂവാറ്റുപുഴ, കുന്നത്തുനാട് നിയോജകമണ്ഡലങ്ങളിലുൾപ്പെട്ട 19.22 km നീളമുള്ള പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം അലൈൻമെന്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. അതിനനുസരിച്ച് തയ്യാറാക്കിയ DPR 17.01.2024 ൽ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അത് കിഫ്ബിയുടെ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എത്ര തുകയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്; ഡി.പി.ആർ.ന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി 309.93 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 17/01/2024ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അത് കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയിലാണ്. |
| (സി) | പ്രസ്തുത ഡി.പി.ആർ.ന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിക്കായി 309.93 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 17/01/2024ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അത് കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയിലാണ്. |
| (ഡി) | പ്രസ്തുത ഡി.പി.ആർ.ന് ഭരണാനുമതി നൽകി റോഡ് നിർമ്മാണം വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | കിഫ്ബിയിൽ നിന്നുള്ള സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ